# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

## ദൂത് മുപ്പത്തിരണ്ട്

## രാജാവിന്റെ തിരസ്കരണത്തിന്റെ ദൃഢീകരണം

## (1)

Tue

ഈ ദൂതിൽ മത്തായി 11-ൽ രാജാവിന്റെ തിരസ്കരണത്തിന്റെ ദൃഢീകരണത്തിലേക്ക് നാം വരുന്നു (12:1-50).

### I. തിരസ്കരണത്തിന്റെ കാരണം—ശബ്ബത്തിന്റെ ലംഘനം

കർത്താവിനെ തിരസ്കരിച്ചതിന്റെ കാരണം ശബ്ബത്തിന്റെ ലംഘനമായിരുന്നു (12:1-14).

### A. ശബ്ബത്തിൽ ധാന്യവയലുകളിൽ ധാന്യക്കതിരുകൾ പറിച്ചു തിന്നുന്നു

#### *1. സ്വർഗീയ രാജാവും അവന്റെ ശിഷ്യന്മാരും ശബ്ബത്തിൽ ധാന്യവയലുകളിലൂടെ പോകുകയും ശിഷ്യന്മാർ തിന്നുവാൻ ധാന്യക്കതിരുകൾ പറിക്കുകയും ചെയ്യുന്നു*

മത്തായി 12:1 പറയുന്നു, "ആ സമയത്ത് യേശു ശബ്ബത്തിൽ ധാന്യവയലുകളിലൂടെ പോയി. അവന്റെ ശിഷ്യന്മാരോ വിശന്നിട്ട് ധാന്യക്കതിരുകൾ പറിച്ചു തിന്നുവാൻ തുടങ്ങി." "ആ സമയത്ത്" എന്നത് പന്ത്രണ്ടാം അധ്യായത്തെ പതിനൊന്നാം അധ്യായത്തോടു യോജിപ്പിക്കുന്നു. ന്യായപ്രമാണവും മതപരമായ ചട്ടങ്ങളും പാലിക്കാനുള്ള പരിശ്രമത്തിൽനിന്ന് വിശ്രമത്തിലേക്ക് കർത്താവ് വിളിച്ചുകൊണ്ടിരുന്ന സമയത്ത് അവൻ ശബ്ബത്തിൽ ധാന്യവയലുകളിലൂടെ പോകുകയും, അവന്റെ ശിഷ്യന്മാർ പ്രത്യക്ഷത്തിൽ ശബ്ബത്ത് ലംഘിച്ചുകൊണ്ട് ധാന്യക്കതിരുകൾ പറിച്ചു തിന്നുവാൻ തുടങ്ങുകയും ചെയ്തു. ഓർക്കുക, മത്തായി തന്റെ വിവരണത്തിൽ ഒരു ഉപദേശം അവതരിപ്പിക്കുന്നതിന് ചില വസ്തുതകളെ ഒരുമിച്ചു വയ്ക്കുന്നു. മറ്റു സുവിശേഷങ്ങളിലുള്ള വിവരണം കൃത്യമായും ഇവിടെയുള്ള വിവരണം പോലെയല്ല.

"ആ സമയത്ത്" എന്ന പദപ്രയോഗം വളരെ പ്രധാനപ്പെട്ടതാണ്. അത് തന്റെ വിശ്രമത്തിലേക്ക് ജനത്തെ വിളിച്ച സമയത്തെ പരാമർശിക്കുന്നു. ആ സമയത്ത്, തന്റെ എല്ലാ ശിഷ്യന്മാരും വിശന്നിരിക്കുകയായിരുന്നു. നാം വിശന്നിരിക്കുമ്പോഴെല്ലാം നമുക്ക് വിശ്രമമില്ല. വിശ്രമത്തിൽ സംതൃപ്തി ഉൾപ്പെടുന്നു. നിങ്ങൾ തൃപ്തനായിരിക്കുമ്പോൾ നിങ്ങൾ വിശ്രമത്തിലാണ്. എന്നാൽ നിങ്ങൾക്ക് തൃപ്തി ഇല്ലെങ്കിൽ നിങ്ങൾക്ക് വിശ്രമമില്ല.

കർത്താവ് ജനത്തെ വിശ്രമത്തിലേക്കു വിളിച്ചപ്പോൾ, അവന്റെ ശിഷ്യന്മാർ വിശന്നിരിക്കുകയായിരുന്നു. ഇക്കാരണത്താൽ, അവൻ അവരെ ഗോതമ്പു വിളയുന്ന ധാന്യവയലുകളിലേക്ക് കൊണ്ടുപോയി. ഈ വയലുകൾ വിളഞ്ഞിരുന്നുവെന്നും, തിന്നുവാൻ കൊള്ളാവുന്ന കതിരുകൾ നിറഞ്ഞതാണെന്നും അവൻ അറിഞ്ഞിരുന്നു എന്നതിന് സംശയമില്ല. കർത്താവായ യേശു മനഃപൂർവം ഇതു ചെയ്തു. അവന്റെ ശിഷ്യന്മാർ വിശന്നിരിക്കുകയാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവൻ അവരെ വിശ്രമത്തിനുവേണ്ടിയുള്ള ധാന്യവയലുകളിലേക്ക് കൊണ്ടുപോയി. ഇതൊരു അടയാളമാണ്. പതിനൊന്നാം അധ്യായത്തിലെ വിശ്രമത്തിനുവേണ്ടി അവന്റെ അടുക്കൽ വരാനുള്ള വിളി ശബ്ബത്ത് ദിവസം മുഴക്കിയതായിരുന്നു. പന്ത്രണ്ടാം അധ്യായത്തിൽ ആരംഭിക്കുന്ന "ആ സമയത്ത്" എന്ന വാക്കുകളിലൂടെ ഇത് തെളിയിക്കപ്പെടുന്നു. ശബ്ബത്ത് ദിവസം വിശ്രമത്തിന്റെ ഒരു ദിവസമായിരുന്നു. വിശ്രമദിവസം കർത്താവ് ജനത്തെ വിശ്രമത്തിലേക്കു വിളിച്ചു. അവൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നിങ്ങൾ ശബ്ബത്ത് പാലിക്കുന്ന ജനമാണ്, എങ്കിലും നിങ്ങൾ ഇപ്പോഴും ന്യായപ്രമാണം പാലിക്കുവാൻ അധ്വാനിക്കുകയും പരിശ്രമിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. നിങ്ങൾ സകല പ്രമാണങ്ങളാലും, ആചാരചങ്ങളാലും, ചടങ്ങുകളാലും, ചട്ടങ്ങളാലും അധികമായി ഭാരപ്പെട്ടിരിക്കുന്നു. പുറമെ നിങ്ങൾ ശബ്ബത്ത് ആചരിക്കുന്നുവെങ്കിലും, വാസ്തവമായി നിങ്ങൾക്ക് യാതൊരു വിശ്രമവുമില്ല. നിങ്ങൾ എന്റെ അടുക്കൽ വരേണ്ടതാവശ്യമാണ്. ന്യായപ്രമാണം പാലിക്കുന്ന വിഷയവുമായി നിങ്ങൾ അധ്വാനിക്കുകയും ഭാരപ്പെടുകയും ചെയ്യുന്നു. എന്റെ അടുക്കൽ വരുക, നിങ്ങൾ വിശ്രമം കണ്ടെത്തും." പത്രൊസും യോഹന്നാനും പറഞ്ഞുകാണും, "ഞങ്ങൾ വിശന്നിരിക്കുന്നതിനാൽ വിശ്രമിക്കുവാൻ കഴിയുകയില്ല. ഞങ്ങൾക്ക് തിന്നുവാൻ എന്തെങ്കിലും വേണം." എന്നാൽ ആ ദിവസം ശബ്ബത്ത് ദിവസമായിരുന്നതിനാൽ ഫലത്തിൽ എല്ലാ പ്രവർത്തനവും അവസാനിച്ചിരുന്നു. തന്മൂലം, തിന്നുവാൻ എന്തെങ്കിലും കണ്ടെത്തുന്നത് ശിഷ്യന്മാർക്ക് പ്രയാസമായിരുന്നു. ഇതറിഞ്ഞിട്ട്, കർത്താവായ യേശു അവരെ ധാന്യവയലുകളിലേക്ക് കൊണ്ടുപോയി.

കർത്താവായ യേശു എന്തുകൊണ്ടാണ് ഇതു ചെയ്യുതെന്ന് വർഷങ്ങൾക്കുമുമ്പ് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ശബ്ബത്തിൽ തന്റെ വിശ്രമത്തിലേക്ക് ജനത്തെ വിളിച്ചതുകൊണ്ടാണ് അവൻ ഇതു ചെയ്യുതെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. അവന്റെ ശിഷ്യന്മാർ വിശന്നിരിക്കുകയാണെന്നും, അത് ശബ്ബത്തായിരുന്നതുകൊണ്ട് തിന്നുവാൻ എന്തെങ്കിലും കണ്ടെത്തുന്നത് പ്രയാസമാണെന്നും അവൻ അറിഞ്ഞിരുന്നു. അവർക്ക് യാതൊന്നും വാങ്ങുവാനോ, എന്തെങ്കിലും ചെയ്യുവാനോ, എവിടേക്കെങ്കിലും പോകുവാനോ കഴിയുമായിരുന്നില്ല. "കർത്താവായ യേശുവേ, ഞങ്ങൾ എന്തു ചെയ്യണം? വിശ്രമത്തിനുവണ്ടി നിന്റെ അടുക്കൽ വരുവാൻ നീ ഞങ്ങളെ വിളിച്ചിരിക്കുന്നു. എന്നാൽ ഞങ്ങളോ വിശന്നിരിക്കുന്നു; തിന്നുവാൻ എന്തെങ്കിലും കിട്ടുന്നതിനുള്ള യാതൊരു വഴിയും ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ വിശക്കുമ്പോൾ ഞങ്ങൾക്കെങ്ങനെ വിശ്രമിക്കുവാൻ കഴിയും?" എന്ന് ശിഷ്യന്മാർ പറഞ്ഞിട്ടുണ്ടായിരിക്കും. ശബ്ബത്തിൻ ചട്ടങ്ങൾ പാലിക്കുന്ന ഭാരത്തിൻകീഴിലായിരുന്നു ശിഷ്യന്മാർ. ഈ ചട്ടങ്ങൾ വിശന്നിരിക്കുന്ന ശിഷ്യന്മാർക്ക് ഭീമമായ ഒരു ഭാരമായിത്തീർന്നിരുന്നു. അങ്ങനെ, അവന്റെ ശിഷ്യന്മാരെ ചട്ടം-പാലിക്കുന്ന സാഹചര്യത്തിൽനിന്നും ധാന്യവയലുകളിലേക്ക് കൊണ്ടുവന്നുകൊണ്ട് ഈ ചട്ടങ്ങൾ പാലിക്കാതിരിക്കുവാൻ കർത്താവായ യേശു മുൻകയ്യെടുത്തു. ഇങ്ങനെ ചെയ്യുന്നതിലുള്ള കർത്താവിന്റെ ഇംഗിതം ശബ്ബത്ത്-ആചരിക്കുന്ന ചട്ടങ്ങളിൽനിന്നും ശിഷ്യന്മാരെ സ്വതന്ത്രരാക്കുക എന്നതായിരുന്നു. അവർ ധാന്യവയലുകളിലേക്കു വന്നപ്പോൾ, എല്ലാവരും ഈ ഭാരത്തിൽനിന്നും സ്വതന്ത്രരാക്കപ്പെടുകയും തൃപ്തരാകുകയും ചെയ്തു. എല്ലാവരും വിശ്രമത്തിലേക്കു പ്രവേശിച്ചു. ഇതാണ് പന്ത്രണ്ടാം അധ്യായത്തിലെ കർത്താവിന്റെ തിരസ്കരണത്തിന്റെ പശ്ചാത്തലം. ശിഷ്യന്മാർ വിശപ്പു സഹിക്കുകയും ശബ്ബത്ത് ആചരിക്കുകയും ചെയ്യണമോ, അതോ അവർ ശബ്ബത്തിനെ മറക്കുകയും അവരുടെ വിശപ്പിനെ തൃപ്തിപ്പെടുത്തുന്നതിന് തിന്നുവാൻ എന്തെങ്കിലും കണ്ടെത്തണമോ? തിന്നുവാൻ അവരെല്ലാവരും എന്തെങ്കിലും കണ്ടെത്തിയ ധാന്യവയലുകളിലേക്ക് വിശന്നിരിക്കുന്ന തന്റെ ശിഷ്യന്മാരെ കൊണ്ടുവരാൻ കർത്താവ് മുൻകയ്യെടുത്തു.

## *2. പരീശന്മാർ കാണുകയും കുറ്റംവിധിക്കുകയും ചെയ്യുന്നു*

വാക്യം 2 പറയുന്നു, "എന്നാൽ പരീശന്മാർ ഇതു കണ്ടിട്ട് അവനോട്, ഇതാ നിന്റെ ശിഷ്യന്മാർ ശബ്ബത്തിൽ ചെയ്യുവാൻ ന്യായമല്ലാത്തതു ചെയ്യുന്നു എന്നു പറഞ്ഞു." "ശബ്ബത്ത്-പാറാവുകാരായ" പരീശന്മാർ കർത്താവായ യേശുവിനെയും അവന്റെ

ശിഷ്യന്മാരെയും പിടികൂടി. അവർ കർത്താവിനെ നിരീക്ഷിക്കുകയായിരുന്നിരിക്കണം. അല്ലെങ്കിൽ, അവർ ശബ്ബത്തു ദിവസം എന്തിന് ധാന്യവയലുകളിൽ ഉണ്ടായിരിക്കണം? പരീശന്മാർ കരുതിക്കൂട്ടി അവനെ പിന്തുടരുകയും അവനെ രഹസ്യമായി വീക്ഷിക്കുകയും ചെയ്യുകയായിരുന്നിരിക്കണം.

ശബ്ബത്തിൽ ഇതു ചെയ്യുന്നത് ന്യായപ്രമാണമനുസരിച്ചല്ല എന്നു പറഞ്ഞുകൊണ്ട് കർത്താവിന്റെ ശിഷ്യന്മാർ ചെയ്തതിനെ പരീശന്മാർ കുറ്റംവിധിച്ചു. ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ പൂർത്തീകരണത്തെ യെഹൂദന്മാർ ഓർക്കുകയും (ഉല്പ. 2:2), അവരോടുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അടയാളം കാക്കുകയും (യെഹെ. 20:12), അവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ വീണ്ടെടുപ്പ് ഓർക്കുകയും ചെയ്യുക എന്നതിനു വേണ്ടിയായിരുന്നു ശബ്ബത്ത് (ആവ. 5:15). തന്മൂലം, ശബ്ബത്തിനെ അശുദ്ധമാക്കുന്നത് മതഭക്തരായ പരീശന്മാരുടെ ദൃഷ്ടിയിൽ ഗൗരവമുള്ള ഒരു കാര്യമായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അത് ന്യായപ്രമാണത്തിനും തിരുവെഴുത്തുകൾക്കും അനുസരിച്ചായിരുന്നില്ല. എന്നാൽ അവർക്ക് തിരുവെഴുത്തുകളെ സംബന്ധിച്ച് വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരുന്നില്ല. അവരുടെ അല്പമായ അറിവിനനുസരിച്ച്, ജനത്തിന്റെ വിശപ്പിനല്ല, ശബ്ബത്ത് പാലിക്കുക എന്ന ആചാരത്തിന് അവർ ശ്രദ്ധനൽകി. വ്യർഥമായ ഒരു ആചാരം അനുഷ്ഠിക്കുന്നത് എത്ര ഭോഷത്തമാണ്!

### *3. രാജാവിന്റെ പ്രതിരോധം*

ഈ പരിതസ്ഥിതി തന്നെക്കുറിച്ച് കൂടുതൽ വെളിപ്പെടുത്തുവാൻ കർത്താവായ യേശുവിന് അവസരം നൽകി. പരീശന്മാരെ സംബന്ധിച്ചിടത്തോളം യേശു പിടിക്കപ്പെട്ടിരിക്കുന്നു. എന്നാൽ കർത്താവായ യേശുവിനെ സംബന്ധിച്ചിടത്തോളം അത് അവർക്കും ശിഷ്യന്മാർക്കും താൻ ആരാണെന്ന് വെളിപ്പെടുത്തിക്കൊടുക്കാനുള്ള ഒരു അവസരമായിരുന്നു. ഇതുവരെ, അവനെ വൈദ്യനായും, മണവാളനായും, ഇടയനായും, കൊയ്ത്തിന്റെ കർത്താവായും വെളിപ്പെടുത്തിയിരുന്നു. പരീശന്മാരാൽ പിടിക്കപ്പെട്ടതിനുശേഷം കർത്താവ് കുറഞ്ഞപക്ഷം അഞ്ച് മുഖ്യമായ വശങ്ങളിൽ അവനെത്തന്നെ വെളിപ്പെടുത്തി.

#### *a. ദാവീദും അവന്റെ ആളുകളും ദൈവാലയത്തിലേക്ക് പ്രവേശിക്കുകയും സാന്നിധ്യത്തിന്റെ അപ്പം ഭക്ഷിക്കുകയും ചെയ്തു*

3-ഉം 4-ഉം വാക്യങ്ങളനുസരിച്ച് കർത്താവ് പരീശന്മാരോടു ചോദിച്ചു, "നിങ്ങൾ വായിച്ചിട്ടില്ലയോ, ദാവീദ് തനിക്കും തന്റെ കൂടെയുള്ളവർക്കും വിശന്നപ്പോൾ എന്തു ചെയ്തു

എന്ന്: എപ്രകാരം അവൻ ദൈവത്തിന്റെ ഭവനത്തിലേക്കു പ്രവേശിക്കുകയും പുരോഹിതന്മാർക്കൊഴികെ അവനും അവന്റെ കൂടെയുള്ളവർക്കും കഴിക്കുവാൻ വിഹിതമല്ലാത്ത സാന്നിധ്യത്തിന്റെ അപ്പം അവർ ഭക്ഷിക്കുകയും ചെയ്തു എന്ന്?" കർത്താവിന്റെ ശിഷ്യന്മാർ ധാന്യവയലുകളിൽ കതിരുകൾ പറിച്ചു തിന്നത് ന്യായപ്രമാണമനുസരിച്ചായിരുന്നില്ലെന്ന് പരീശന്മാർ പറഞ്ഞു. തിരുവെഴുത്തുകൾക്കു വിരുദ്ധമായി പ്രവർത്തിച്ചതിന് അവർ ശിഷ്യന്മാരെ കുറ്റംവിധിച്ചു. എന്നാൽ തന്നെയും തന്റെ ശിഷ്യന്മാരെയും ന്യായീകരിക്കുന്ന തിരുവെഴുത്തുകളിലെ മറ്റൊരു വശം "നിങ്ങൾ വായിച്ചിട്ടില്ലയോ" എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് കർത്താവ് ഉത്തരം നൽകി. തിരുവെഴുത്തുകളെക്കുറിച്ച് വേണ്ടത്ര പരിജ്ഞാനമില്ലാത്തതുകൊണ്ട് ഇത് പരീശന്മാരെ കുറ്റംവിധിച്ചു. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "തിരുവെഴുത്തുകളിൻപ്രകാരം എന്നെ പിടിക്കുവാൻ നിങ്ങൾ ഇവിടെ വരുന്നു. നിങ്ങൾക്ക് വേദപുസ്തകം നന്നായി അറിയാം എന്നു ചിന്തിക്കരുത്. നിങ്ങൾ ഭാഗികമായി, ഉപരിപ്ലവമായ ഒരു രീതിയിൽ മാത്രം അത് അറിയുന്നു. നിങ്ങൾ തിരുവെഴുത്തുകളുടെ ആഴങ്ങൾ ഒരിക്കലും സ്പർശിച്ചിട്ടില്ല. നിങ്ങൾ വായിച്ചിട്ടുണ്ടായിരിക്കാം, എന്നാൽ നിങ്ങൾ അതു മനസ്സിലാക്കുന്നില്ല. ദാവീദും അവനോടു കൂടെയുള്ളവരും വിശന്നിരുന്നപ്പോൾ അവൻ എന്തു ചെയ്തുവെന്നതിനെക്കുറിച്ച് വായിക്കുക. അവർ ലേവ്യ ചട്ടപ്രകാരം തിന്നാൻ പാടില്ലാത്ത ആലയത്തിലെ സാന്നിധ്യത്തിന്റെ അപ്പം തിന്നു. ഞാൻ നിയമവിരുദ്ധമായ എന്തോ ചെയ്തുവെന്ന് പരീശന്മാരായ നിങ്ങൾ ചിന്തിക്കുന്നു. ദാവീദും അവന്റെ അനുയായികളും ഇതേ കാര്യം ചെയ്തുവെന്ന് നിങ്ങൾ വായിച്ചിട്ടില്ലയോ?" കർത്താവിന്റെ വേദപുസ്തക പരിജ്ഞാനത്തെ നാം പ്രശംസിക്കണം.

താൻ യഥാർഥ ദാവീദാണെന്ന് ഇവിടെയുള്ള കർത്താവിന്റെ വാക്ക് വിവക്ഷിക്കുന്നു. പുരാതനകാലങ്ങളിൽ ദാവീദും അവന്റെ അനുയായികളും തങ്ങൾ തിരസ്കരിക്കപ്പെട്ടപ്പോൾ, ലേവ്യാ നിയമം ലംഘിച്ചു എന്നു തോന്നുംവിധം ദൈവാലയത്തിലേക്കു പ്രവേശിക്കുകയും സാന്നിധ്യത്തിന്റെ അപ്പം ഭക്ഷിക്കുകയും ചെയ്തു. ഇപ്പോൾ യഥാർഥ ദാവീദും അവന്റെ അനുയായികളും തിരസ്കരിക്കപ്പെടുകയും ശബ്ബത്തിന്റെ ചട്ടത്തിനെതിരെ എന്ന് തോന്നുംവിധം ഭക്ഷിക്കുവാൻ തുടങ്ങുകയും ചെയ്തു. ദാവീദിനെയും തന്റെ അനുയായികളെയും കുറ്റക്കാരായി കണക്കാക്കാത്തതുപോലെ ക്രിസ്തുവിനെയും അവന്റെ ശിഷ്യന്മാരെയും കുറ്റംവിധിക്കരുത്. രണ്ടു സംഭവങ്ങളും ഭക്ഷിക്കുന്നതിനോട് ബന്ധപ്പെട്ടിരുന്നു. ദാവീദ് രാജാവ് യഥാർഥ ദാവീദായ ക്രിസ്തുവിന്റെ ഒരു മുന്നടയാളമായിരുന്നു. ദാവീദിന് അനുയായികളുണ്ടായിരുന്നു, യഥാർഥ ദാവീദായ ക്രിസ്തുവിനും തന്റെ അനുയായികളായി ശിഷ്യന്മാർ ഉണ്ടായിരുന്നു.

ദാവീദ് രാജാവും അവന്റെ അനുയായികളും ജനത്താൽ തിരസ്കരിക്കപ്പെട്ടിരുന്നു: അതുപോലെ യഥാർഥ ദാവീദും അവന്റെ അനുയായികളും തിരസ്കരിക്കപ്പെട്ടു. ദാവീദിനും അവന്റെ അനുയായികൾക്കും വിശപ്പുണ്ടായിരുന്നതുപോലെ, ക്രിസ്തുവിനും അവന്റെ ശിഷ്യന്മാർക്കും വിശപ്പുണ്ടായിരുന്നു. കൂടാതെ, ദാവീദിനും അവന്റെ അനുയായികൾക്കും, ക്രിസ്തുവിനും അവന്റെ അനുയായികൾക്കും തിന്നുവാൻ യാതൊന്നും ഉണ്ടായിരുന്നില്ലെങ്കിലും, തിന്നുവാൻ ചിലത് ഉണ്ടായിരുന്ന സ്ഥലം ഉണ്ടായിരുന്നു. ദാവീദിന് അത് ദൈവാലയവും, ക്രിസ്തുവിന് അത് ധാന്യവയലുകളുമായിരുന്നു. ഇതെല്ലാം വിവക്ഷിക്കുന്നത് ദാവീദും അവന്റെ അനുയായികളും ക്രിസ്തുവിന്റെയും അവന്റെ ശിഷ്യന്മാരുടെയും ഒരു മുൻകുറി, ഒരു നിഴൽ ആയിരുന്നു എന്നാണ്.

കൂടാതെ, ഇവിടെ കർത്താവിന്റെ വാക്ക് പൗരോഹിത്യത്തിൽനിന്നും രാജത്വത്തിലേക്കുള്ള യുഗപരമായ മാറ്റത്തെയും വിവക്ഷിക്കുന്നു. പുരാതന കാലത്ത് ദാവീദിന്റെ വരവ് യുഗത്തെ പുരോഹിതന്മാരുടെ യുഗത്തിൽനിന്നും രാജാക്കന്മാരുടെ യുഗത്തിലേക്ക് മാറ്റി, അവിടെ രാജാക്കന്മാർ പുരോഹിതന്മാർക്ക് മേലായിരുന്നു. പുരോഹിതന്മാരുടെ യുഗത്തിൽ ജനത്തിന്റെ നേതാവ് പുരോഹിതൻ പറയുന്നത് കേൾക്കണമായിരുന്നു (സംഖ്യ. 27:21-22). എന്നാൽ രാജാക്കന്മാരുടെ യുഗത്തിൽ പുരോഹിതൻ രാജാവിന് കീഴ്പെട്ടിരിക്കണം (1 ശമു. 2:35-36). തന്മൂലം, ദാവീദ് രാജാവ് തന്റെ അനുയായികളോടുകൂടെ ചെയ്തത് നിയമവിരുദ്ധമല്ലായിരുന്നു. ഇപ്പോൾ ക്രിസ്തുവിന്റെ വരവിനാൽ വീണ്ടും യുഗത്തിന് മാറ്റംവന്നു: ഇത്തവണ ന്യായപ്രമാണ യുഗത്തിൽനിന്നും ക്രിസ്തു എല്ലാറ്റിനും മീതെയായിരിക്കുന്ന കൃപായുഗത്തിലേക്കായിരുന്നു. അവൻ ചെയ്തതൊക്കയും ശരിയായിരുന്നു. ശബ്ബത്ത് പാലിക്കുന്ന വിഷയം പഴയ ന്യായപ്രമാണ യുഗത്തിന്റേതായിരുന്നു. എന്നാൽ കൃപായുഗത്തിൽ ക്രിസ്തുവിനാണ് അവസാന വാക്ക്. അത് ന്യായപ്രമാണത്തിന്റെയല്ല, ക്രിസ്തുവിന്റെ ഒരു വിഷയമാണ്. അതുകൊണ്ട്, കർത്താവ് പരീശന്മാരോട് പറയുന്നതായി തോന്നുന്നത്, "നിങ്ങൾ എന്നെയോ എന്റെ ശിഷ്യന്മാരെയോ കുറ്റംവിധിക്കരുത്. ഇനിമേൽ ന്യായപ്രമാണമല്ല അവസാന വാക്കു നൽകുന്നത്, ക്രിസ്തു എന്ന ഞാനാണ് നിങ്ങൾക്ക് അവസാന വാക്കു നൽകുന്നത്. ഞാനാണ് യഥാർഥ രാജാവ്, യഥാർഥ ദാവീദ്. ഞാൻ കൃപായുഗത്തെ കൊണ്ടുവന്നവനായ ക്രിസ്തുവും ആണ്, അങ്ങനെ, ഞാൻ പറയുന്നതും ചെയ്യുന്നതുമൊക്കെയും അവസാന തീരുമാനമാണ്." പരീശന്മാർക്ക് വേദപുസ്തകം അറിയാമെന്ന് സങ്കല്പിച്ചാൽപോലും, ഇവിടെ അവരുടെ വാദം വ്യക്തമായും തോറ്റുപോയി. കർത്താവിന്റെ പ്രതിരോധം എത്ര ശക്തമായിരുന്നു!

### *b. ആലയത്തിൽ ശബ്ബത്തുനാളിൽ പുരോഹിതന്മാർ ശബ്ബത്തിനെ അശുദ്ധമാക്കുന്നു*

വാക്യം 5-ൽ കർത്താവ് പരീശന്മാരോടു ചോദിച്ചു, "അല്ലെങ്കിൽ ശബ്ബത്തിൽ ദൈവാലയത്തിലുള്ള പുരോഹിതന്മാർ ശബ്ബത്തിനെ അശുദ്ധമാക്കിയാലും കുറ്റമില്ലാത്തവരാകുന്നു എന്ന് നിങ്ങൾ ന്യായപ്രമാണത്തിൽ വായിച്ചിട്ടില്ലയോ?" പരീശന്മാർ വേദപുസ്തകം അല്പമായി മാത്രമേ അറിഞ്ഞിരുന്നുള്ളൂ എന്നു തെളിയിച്ചുകൊടുക്കുവാൻ തിരുവെഴുത്തുകളിലെ മറ്റൊരു സംഭവത്തിലേക്ക് കർത്താവ് അവരുടെ ശ്രദ്ധയെ കൊണ്ടുവന്നു. ശബ്ബത്തിൽ ആലയത്തിൽവച്ച് പുരോഹിതന്മാർ ചെയ്തതിലൊക്കെയും അവർ കുറ്റമില്ലാത്തവരായിരുന്നു എന്ന് അവൻ ചൂണ്ടിക്കാണിച്ചു.

### *c. സ്വർഗീയ രാജാവ് ആലയത്തെക്കാൾ വലിയതാകുന്നു*

പിന്നീട് വാക്യം 6-ൽ കർത്താവു പ്രഖ്യാപിച്ചത്, "എന്നാൽ ആലയത്തെക്കാൾ വലിയത് ഇവിടെ ഉണ്ട് എന്ന് ഞാൻ നിങ്ങളോടു പറയുന്നു." എന്തൊരു ധൈര്യമായിരുന്നു കർത്താവിന് ഉണ്ടായിരുന്നത്! അവൻ ഒരു നസറെത്തുകാരൻ ആയിരുന്നെങ്കിലും, അവൻ പരീശന്മാരുടെ മുമ്പിൽ നിന്നപ്പോൾ അവൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "എന്നെ നോക്കുക. ഞാൻ ആലയത്തെക്കാൾ വലിയതാകുന്നു." പരീശന്മാർക്ക് യാതൊന്നും പറയുവാൻ കഴിയാതവണ്ണം അവർ അമ്പരന്നുകാണണം.

താൻ ദൈവാലയത്തെക്കാൾ വലിയവനാണെന്ന് കർത്താവു പരീശന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തത്, ആലയത്തിൽനിന്നും ഒരു വ്യക്തിയിലേക്കുള്ള ഒരു മുൻകുറി- നിറവേറലായ മറ്റൊരു മാറ്റമായിരുന്നു. ദാവീദിന്റെ സംഭവത്തിൽ, അത് ഒരു യുഗത്തിൽനിന്നും മറ്റൊരു യുഗത്തിലേക്കുള്ള മാറ്റമായിരുന്നു. പുരോഹിതന്മാരെ സംബന്ധിച്ച ഈ സംഭവത്തിൽ അത് ആലയത്തിൽനിന്നും ആലയത്തെക്കാൾ വലിയതായ ഒരു വ്യക്തിയിലേക്കുള്ള ഒരു മാറ്റമായിരുന്നു. ശബ്ബത്തിൽ ആലയത്തിൽ ചെയ്ത കാര്യങ്ങളിൽ പുരോഹിതന്മാർ കുറ്റമില്ലാത്തവരായിരുന്നതിനാൽ, ശബ്ബത്തിൽ ആലയത്തെക്കാൾ വലിയതായ കർത്താവിൽ പ്രവർത്തിച്ചതിന് കർത്താവിന്റെ ശിഷ്യന്മാർ എങ്ങനെ കുറ്റക്കാരാകും? ഒന്നാമത്തെ സംഭവത്തിൽ രാജാവായിരുന്നു ലേവ്യാ ചട്ടം ലംഘിച്ചത്; രണ്ടാമത്തെ സംഭവത്തിൽ പുരോഹിതന്മാരായിരുന്നു ലേവ്യാ ചട്ടം ലംഘിച്ചത്. തിരുവെഴുത്തിൽ രണ്ടുപേരും കുറ്റക്കാരല്ല. തന്മൂലം, ഇവിടെ കർത്താവു ചെയ്തത് തിരുവെഴുത്തിൻപ്രകാരം ശരിയായിരുന്നു.

പ്രത്യക്ഷത്തിൽ പുരോഹിതന്മാർ ശബ്ബത്തിനെ അശുദ്ധമാക്കുകയായിരുന്നു, എന്നാൽ വാസ്തവത്തിൽ അവർ

ശബ്ബത്തിനെ അശുദ്ധമാക്കുകയായിരുന്നില്ല, കാരണം അവർ ആലയത്തിലായിരുന്നു. ആ മണ്ഡലത്തിൽ എല്ലാ ദിവസവും സകലവും വിശുദ്ധമായിരുന്നു. ആലയത്തിനു പുറത്ത് സകലവും സാമാന്യമായിരുന്നു. എന്നാൽ ആലയത്തിലേക്ക് എന്തെങ്കിലും കൊണ്ടുവരപ്പെട്ടാൽ അത് ആലയത്താൽ വിശുദ്ധീകരിക്കപ്പെട്ടിരുന്നു. അതുപോലെ, ഓരോ ദിവസവും ആലയത്താൽ വിശുദ്ധീകരിക്കപ്പെട്ടിരുന്നു. ആലയത്തിനു പുറത്ത്, സാമാന്യ ദിവസങ്ങളും വിശുദ്ധ ദിവസങ്ങളും ഉണ്ടായിരുന്നു; എന്നാൽ ആലയത്തിനുള്ളിൽ അങ്ങനെയുള്ള വേർതിരിവൊന്നും ഉണ്ടായിരുന്നില്ല. സകലവും, സകല ദിവസവും, സകല കാര്യവും, സകലരും ആലയത്തിൽ വിശുദ്ധമായിരുന്നു. എന്നാൽ ആലയം യാഥാർഥ്യമല്ല, ഒരു നിഴലായിരുന്നു. യാഥാർഥ്യം ആലയത്തെക്കാൾ വലിയതായ ക്രിസ്തു ആണ്. കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "ഞാനാണ് വലിയ ആലയം, യഥാർഥ ആലയം. എന്നിൽ പത്രൊസും, യോഹന്നാനും, ഗലീലക്കാരായ എല്ലാ മീൻപിടിത്തക്കാരും വിശുദ്ധീകരിക്കപ്പെടുന്നു. എന്നിൽ എല്ലാ ദിവസവും ഒരു വിശുദ്ധ ദിവസമാണ്. ശബ്ബത്തിൽ ആലയത്തിൽവച്ച് നീങ്ങുവാനും വിവിധ പ്രവർത്തനങ്ങളിൽ മുഴുകുവാനും പുരോഹിതന്മാർ സ്വതന്ത്രരായിരുന്നുവെങ്കിൽ, എന്റെ ഉള്ളിൽ കാര്യങ്ങൾ ചെയ്യുവാൻ ഈ പ്രിയപ്പെട്ടവർക്ക് എത്രയധികം സ്വാതന്ത്ര്യം ഉണ്ടായിരിക്കണം? ആലയം പുരോഹിതന്മാരെ സംരക്ഷിച്ചു; ആലയത്തെക്കാൾ വലിയതായ ഞാൻ എന്റെ എല്ലാ ശിഷ്യന്മാരെയും സംരക്ഷിക്കുന്നു. പരീശന്മാരേ, എന്നെ ശല്യപ്പെടുത്തരുത്. എന്റെ ശിഷ്യന്മാർ സ്വതന്ത്രരായിരിക്കട്ടെ, കാരണം അവരെല്ലാം ആലയത്തെക്കാൾ വലിയതിലാണ്." ഇത് മുൻകുറിയിൽനിന്നും യാഥാർഥ്യത്തിലേക്കുള്ള ഒരു മാറ്റമായിരുന്നു. കർത്താവിന്റെ പ്രതിരോധം പരീശന്മാർക്ക് വാദിക്കുവാൻ കഴിയാതവണ്ണം വളരെ ആഴമുള്ളതായിരുന്നു. കർത്താവിന്റെ പ്രതിരോധത്തെ എതിർക്കുവാനുള്ള യാതൊന്നും അവർക്കുണ്ടായിരുന്നില്ല. അങ്ങനെ, അവർ നിശബ്ദരാക്കപ്പെട്ടു.

### *d. യാഗത്തെക്കാൾ, കരുണ ഉണ്ടായിരിക്കുന്നത് ദൈവം ആഗ്രഹിക്കുന്നു*

ഇതിനെത്തുടർന്ന് കർത്താവു പറഞ്ഞു, "എന്നാൽ ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു എന്നത് എന്തെന്ന് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ കുറ്റമില്ലാത്തവരെ കുറ്റംവിധിക്കുകയില്ലായിരുന്നു" (വാ. 7). പരീശന്മാർ ചെയ്തത് ദൈവത്തിന്റെ ഹൃദയത്തിനൊത്തവണ്ണമായിരുന്നില്ല എന്ന് കർത്താവ് ഇതിനാൽ ചൂണ്ടിക്കാണിച്ചു. അവർ ചട്ടങ്ങളിൽ കർശനക്കാരായിരുന്നെങ്കിലും, ദൈവത്തിന്റെ കരുണയെ അവഗണിച്ചു. എന്നാൽ യാഗത്തെക്കാൾ കരുണ ഉണ്ടായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

### *e. മനുഷ്യപുത്രൻ ശബ്ബത്തിന്റെ കർത്താവാകുന്നു*

അവസാനമായി, വാക്യം 8-ൽ കർത്താവു പറഞ്ഞു, "എന്തെന്നാൽ മനുഷ്യപുത്രൻ ശബ്ബത്തിന്റെ കർത്താവാകുന്നു." കർത്താവ് എത്ര ധൈര്യശാലിയായിരുന്നു! അവൻ വാദം ജയിക്കുകയും, അമ്പരക്കുകയും ഭയപ്പെടുകയും ചെയ്ത പരീശന്മാർ നിശബ്ദരാക്കപ്പെടുകയും ചെയ്തു. അവർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. അവൻ ശബ്ബത്തിന്റെ കർത്താവായിരുന്നെന്ന് പരീശന്മാരോടു പറഞ്ഞത് ഹൈവേയിൽ റോന്തുചുറ്റുന്ന പാറാവുകാരനോട് താൻ ഹൈവേയുടെ കർത്താവാകുന്നു എന്ന് ഒരുവൻ ഇന്നു പറയുന്നതുപോലെയായിരുന്നു. നിങ്ങളുടെ വാഹനത്തെ ഒരു ഹൈവേ പാറാവുകാരൻ നിർത്തി എന്നു വിചാരിക്കുക. അപ്പോൾ നിങ്ങൾ പറയുന്നു, "എന്നെ ശല്യപ്പെടുത്തരുത്. ഞാൻ ഹൈവേയുടെ കർത്താവും ഈ ഹൈവേ എനിക്ക് സ്വന്തവുമാണ്. ഞാൻ കൂലിക്കെടുത്ത ഒരു പാറാവുകാരൻ മാത്രമാണ് നീ. ഹൈവേയുടെ കർത്താവെന്ന നിലയിൽ എനിക്ക് സകല ചട്ടങ്ങളെയും മാറ്റുവാൻ സാധിക്കും. അതെ, ഹൈവേയെ സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ഞാൻ നിനക്കു തന്നിരുന്നു, എന്നാൽ ഞാൻ ഇപ്പോൾ അതിനെ മാറ്റുന്നു. ഞാൻ ഹൈവേയുടെ കർത്താവായതുകൊണ്ട്, അതിനെക്കുറിച്ച് നിന്നെ അറിയിക്കേണ്ട ആവശ്യം എനിക്കില്ല."

വാക്യം 8-ൽ കർത്താവ് മൂന്നാമത്തെ മാറ്റത്തെ, ശബ്ബത്തിൽനിന്നും ശബ്ബത്തിന്റെ കർത്താവിലേക്കുള്ള അവകാശ-സമർത്ഥകമായ ഒരു മാറ്റത്തെ സൂചിപ്പിച്ചു. ശബ്ബത്തിന്റെ കർത്താവെന്ന നിലയിൽ ശബ്ബത്തിനെ സംബന്ധിച്ച ചട്ടങ്ങൾ മാറ്റുവാൻ അവന് അവകാശമുണ്ടായിരുന്നു. അങ്ങനെ, കുറ്റംവിധിക്കുന്ന പരീശന്മാർക്ക് കർത്താവ് മൂന്നുമടങ്ങ് വിധി നൽകി—അവൻ യഥാർഥ ദാവീദും, ആലയത്തെക്കാൾ വലിയതും, ശബ്ബത്തിന്റെ കർത്താവും ആണെന്ന വിധി. അതുകൊണ്ട്, ശബ്ബത്തിൽ തനിക്കിഷ്ടമുള്ളതൊക്കെയും അവന് ചെയ്യുവാൻ കഴിയുകയും, അവൻ ചെയ്തതൊക്കെയും അവനാൽത്തന്നെ നീതീകരിക്കപ്പെടുകയും ചെയ്തു. അവൻ സകല ആചാരങ്ങൾക്കും ചട്ടങ്ങൾക്കും മീതെയായിരുന്നു. അവൻ അവിടെ ഉണ്ടായിരുന്നതുകൊണ്ട്, യാതൊരു ആചാരത്തിനും ചട്ടത്തിനും ശ്രദ്ധകൊടുക്കുവാൻ പാടില്ലായിരുന്നു.

## B. ശബ്ബത്തിൽ സിനഗോഗിൽവച്ച് വരണ്ട കൈ സൗഖ്യമാക്കുന്നു

### *1. സ്വർഗീയ രാജാവ് സിനഗോഗിലേക്കു വരുന്നു*

വാക്യം 9 പറയുന്നു, "പിന്നെ അവിടെനിന്ന് പിൻവാങ്ങിയിട്ട്

അവൻ അവരുടെ സിനഗോഗിലേക്കു വന്നു." പരീശന്മാരുമായുള്ള വാദം ജയിച്ചതിനുശേഷം, കർത്താവായ യേശു അവരുടെ സിനഗോഗിലേക്കു വന്നു. ഇത് മറ്റൊരു ശബ്ബത്തിൽ സംഭവിച്ചതായിരുന്നു (ലൂക്കൊ. 6:6). കർത്താവായ യേശു നിശ്ചയമായും ഒരു കുഴപ്പക്കാരനായിരുന്നു. "ശബ്ബത്ത് പാറാവുകാരനെ" പരാജയപ്പെടുത്തിക്കൊണ്ട് ധാന്യവയലുകളിൽ കുഴപ്പമുണ്ടാക്കിയശേഷം, മത്തായിയുടെ വിവരണമനുസരിച്ച് കൂടുതൽ കുഴപ്പമുണ്ടാക്കുവാൻ അവൻ ശിഷ്യന്മാരോടുകൂടെ സിനഗോഗിലേക്കു പോയി.

### *2. വരണ്ട കയ്യുള്ള ഒരു മനുഷ്യൻ*

സിനഗോഗിൽ വരണ്ട കയ്യുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ശബ്ബത്തിൽ സൗഖ്യമാക്കുന്നത് ന്യായമാണോ എന്ന് പരീശന്മാർ കർത്താവിനോട് അന്വേഷിച്ചപ്പോൾ അവൻ അവരോടു പറഞ്ഞു, "ഒരു ആടുണ്ടായിട്ട് അത് ശബ്ബത്തിൽ കുഴിയിലേക്കു വീണുപോയാൽ അതിനെ പിടിച്ചു കയറ്റാത്ത ഏതു മനുഷ്യൻ നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കും? അപ്പോൾ ആടിനെക്കാൾ മനുഷ്യൻ എത്ര അധികം മൂല്യമുള്ളത്! അതിനാൽ ശബ്ബത്തിൽ നന്നായി ചെയ്യുന്നത് ന്യായമാകുന്നു" (വാ. 11-12). ഇവിടെ നാം കർത്താവിന്റെ ജ്ഞാനത്തെ കാണുന്നു. ഇത്തവണ അവൻ ഒരു വാക്യം ഉദ്ധരിച്ചില്ല, എന്നാൽ അവരുടെ അനുഷ്ഠനത്തെ പരാമർശിച്ചു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഒന്നാമത്തെ സംഭവത്തിൽ കർത്താവ് വേദപുസ്തകത്തിൽനിന്നും ഉദ്ധരിക്കുകയും, രണ്ടാമത്തേതിൽ അവൻ ചരിത്രത്തിലേക്ക് ആകർഷിക്കുകയും ചെയ്തു. അവരുടെ വായ് ഒരിക്കൽക്കൂടെ അടയ്ക്കപ്പെട്ടു.

### *3. വരണ്ട കൈ പൂർവസ്ഥിതിയിലായി*

വാക്യം 13 പറയുന്നു, "പിന്നെ അവൻ ആ മനുഷ്യനോട്, കൈ നീട്ടുക എന്നു പറഞ്ഞു. അവൻ കൈ നീട്ടുകയും അത് മറ്റേതുപോലെ പൂർവസ്ഥിതിയിലാകുകയും ചെയ്തു." കർത്താവിന്റെ വാക്ക് ചൈതന്യമുളവാക്കുന്ന ജീവനായിരുന്നു. അവന്റെ കൈ നീട്ടിയതിലൂടെ ആ മനുഷ്യൻ കർത്താവിന്റെ ജീവൻ-നൽകുന്ന വാക്കിനെ സ്വീകരിക്കുകയും ഈ വാക്കിലുള്ള ജീവനാൽ അവന്റെ വരണ്ട കൈ പൂർവസ്ഥിതിയിലാകുകയും ചെയ്തു.

ശിഷ്യന്മാരെ ധാന്യവയലുകളിലേക്ക് നയിച്ചുകൊണ്ടുപോയ സംഭവം സൂചിപ്പിക്കുന്നത് ശരീരത്തിന്റെ തലയെന്ന നിലയിൽ കർത്താവ് തനിക്കുവേണ്ടിത്തന്നെ കരുതുന്നു എന്നാണ്. തലയെന്ന നിലയിൽ അവൻ സകലവും—യഥാർഥ ദാവീദും, ആലയത്തെക്കാൾ വലിയതും, ശബ്ബത്തിന്റെ കർത്താവും

ആണ്. വരണ്ട കൈ പൂർവസ്ഥിതിയിലാക്കുന്നത് അവൻ തന്റെ അവയവങ്ങൾക്കുവേണ്ടി കരുതുന്നു എന്നു സൂചിപ്പിക്കുന്നു. ഈ മനുഷ്യനെ ഒരു ആടിനോട് ഉപമിച്ചുകൊണ്ട് അവൻ ആ മനുഷ്യന്റെ വരണ്ട കൈ സൗഖ്യമാക്കി. കൈ ശരീരത്തിലെ ഒരു അവയവവും, ആട് ആട്ടിൻകൂട്ടത്തിലെ ഒരു അംഗവുമാണ്. തന്റെ അവയവങ്ങൾക്കുവേണ്ടി, വീണുപോയ തന്റെ ആടുകളുടെ മോചനത്തിനുവേണ്ടി കർത്താവ് എന്തും ചെയ്യും. ശബ്ബത്താണെങ്കിലും അല്ലെങ്കിലും, തന്റെ ശരീരത്തിലെ മരിച്ച അവയവങ്ങളെ സൗഖ്യമാക്കുന്നതിലാണ് കർത്താവിന്റെ താല്പര്യം. ചട്ടങ്ങൾ വിഷയമല്ല, എന്നാൽ അവനെ സംബന്ധിച്ചടത്തോളം തന്റെ വീണുപോയ ആടുകളുടെ മോചനം അവന് എല്ലാമാണ്.

മത്തായിയുടെ സുവിശേഷത്തെ ഒരു കഥാപുസ്തകമായോ, വെറുമൊരു ഉപദേശത്തിന്റെ പുസ്തകമായോ വായിക്കുന്നതിനു പകരം നാം ഈ പുസ്തകത്തിന്റെ ആഴങ്ങളിലേക്ക് കടക്കണം. ഈ രണ്ടു സംഭവങ്ങളെ ഒരുമിച്ചു വയ്ക്കുന്നതിലൂടെ നാം കാണുന്നത്, ഒന്നാമത്തെ സംഭവത്തിൽ തലയെന്ന നിലയിൽ ക്രിസ്തു അവനുവേണ്ടിത്തന്നെ കരുതിയെന്നും, രണ്ടാമത്തേതിൽ തന്റെ ശരീരത്തിലെ അവയവങ്ങളെ അവൻ കരുതിയെന്നും ആണ്. കൈ ശരീരത്തിലെ ഒരു അവയവവും, ആട് ശരീരത്തെത്തന്നെ സൂചിപ്പിക്കുന്ന ആട്ടിൻകൂട്ടത്തിന്റെ ഭാഗവുമാണ്. ഒന്നാമത്തെ സംഭവത്തിൽ കർത്താവായ യേശു അവന്റെ കർത്തൃത്വത്തെക്കുറിച്ച്, അവന്റെ തലയായ്മയെക്കുറിച്ചു കരുതി. രണ്ടാമത്തെ സംഭവത്തിൽ അവൻ തന്റെ ബലഹീനമായ, അസുഖമുള്ള അവയവങ്ങളിൽ ഒന്നിനെ കരുതി. അവൻ ശബ്ബത്തിനുവേണ്ടി കരുതുന്നില്ല. അവൻ കരുതുന്നത് അവന്റെ തലയായ്മയ്ക്കും അവന്റെ ശരീരത്തിലെ അവയവങ്ങൾക്കും വേണ്ടി മാത്രമാണ്. അതുകൊണ്ട്, കർത്താവ് ക്രിസ്തുവിനും സഭയ്ക്കും വേണ്ടി മാത്രം കരുതുന്നു എന്ന് നാം ഉപസംഹരിക്കണം. കർത്താവിന് ഇങ്ങനെ പറയുവാൻ കഴിഞ്ഞു, "ശബ്ബത്ത് യാതൊന്നും അർഥമാക്കുന്നില്ല. ഞാൻ അതിനെ കരുതുന്നതേയില്ല. ഞാൻ എന്റെ തലയായ്മയ്ക്കും എന്റെ ശരീരത്തിലെ അവയവങ്ങൾക്കും വേണ്ടി കരുതുന്നു. ഞാൻ കർത്താവായ തലയായതുകൊണ്ട് ഞാൻ പറയുന്നതെന്തും ശരിയാണ്. ഞാൻ എന്റെ തലയായ്മയ്ക്കുവേണ്ടി കരുതുന്നു. എന്റെ അവയവങ്ങൾക്കുവേണ്ടിയും ഞാൻ കരുതുന്നു. എന്റെ അവയവങ്ങളെ ജീവനുള്ളവരാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരെ രക്ഷിക്കുവാനും, അവരെ ഉയർത്തുവാനും, അവരെ സൗഖ്യമാക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. ഈ ഉപദേശപരവും മതപരവുമായ അനുഷ്ഠാനങ്ങളെ ഞാൻ ശ്രദ്ധിക്കുന്നില്ല. എന്റെ അവയവങ്ങൾ ബലമുള്ളതും ജീവനുള്ളതും ആയിരിക്കുവാൻ മാത്രം ഞാൻ കരുതുന്നു." ഈ സ്വർഗീയ രാജാവിന്റെ ഹൃദയത്തിൽ

ശബ്ബത്തും, യാതൊരു തരത്തിലുള്ള ഉപദേശവും, യാതൊരു ചട്ടവും ഉണ്ടായിരുന്നില്ല. മറിച്ച്, അവന്റെ ഹൃദയത്തിലുണ്ടായിരുന്നത് അവന്റെ കർത്തൃത്വമായിരുന്നു. അവൻ കർത്താവാണെന്നും, അവൻ ശബ്ബത്തിനും മീതെയാണെന്നും നാം കാണണം. അവനാൽ ഉപയോഗിക്കപ്പെട്ട വെറുമൊരു ഉപകരണമായിരുന്നു ശബ്ബത്ത്, എന്നാൽ അവൻ തന്നെയാണ് ശബ്ബത്തിന്റെ കർത്താവ്. അവന്റെ ശരീരത്തിലെ അസുഖമുള്ളതോ, ബലഹീനമായതോ, പ്രയാസ സാഹചര്യത്തിൽ ആയിരിക്കുന്നതോ ആയ ഏതൊരു അവയവവും ഉൾപ്പെടുന്ന തന്റെ അവയവങ്ങൾക്കുവേണ്ടിയും അവൻ കരുതുന്നു. അവനെ മോചിക്കുവാനും, അവനെ സൗഖ്യപ്പെടുത്തുവാനും, അവനെ ജീവനുള്ളവനാക്കുവാനുമായി ആ അവയവത്തിനുവേണ്ടി അവൻ ചിലതു ചെയ്യും. നാം എല്ലാവരും ഇതു കാണേണ്ടതിന് ഞാൻ കർത്താവിലേക്കു നോക്കുന്നു.

തത്ത്വം ഇന്നും അങ്ങനെ തന്നെയാണ്. നാം ക്രിസ്തുവിനുവേണ്ടിയും സകല അവയവങ്ങളോടുകൂടെ സഭയ്ക്കുവേണ്ടിയും ആയിരിക്കുന്നിടത്തോളം, എല്ലാം ശരിയായിരിക്കും. യാതൊരു ഭാരമോ ചട്ടമോ ഇല്ല. ശബ്ബത്തിൽ പന്ത്രണ്ടു ശിഷ്യന്മാർ സംതൃപ്തരും വിശ്രമമുള്ളവരും ആയിരുന്നു; ശബ്ബത്തിൽ വരണ്ട കയ്യുള്ള മനുഷ്യനും വിശ്രമമുള്ളവനായിരുന്നു. അങ്ങനെ, ഇവ ശിഷ്യന്മാർക്കും വരണ്ട കയ്യുള്ള മനുഷ്യനും ശരിയായ ശബ്ബത്തുകളായിരുന്നു; കാരണം അവർ ഒന്നുകിൽ ക്രിസ്തുവിൽനിന്നുള്ള പോഷണം പ്രാപിച്ചു, അല്ലെങ്കിൽ ക്രിസ്തുവിൽനിന്നുള്ള സൗഖ്യം പ്രാപിച്ചു. അവർക്കാവശ്യമായിരുന്നത് അവനിൽനിന്നും അവർ സ്വീകരിച്ചു. ഇന്നും അങ്ങനെ തന്നെയാണ്.

### *4. സ്വർഗീയ രാജാവിനെ നശിപ്പിക്കുവാൻ പരീശന്മാർ ആലോചന നടത്തുന്നു*

വാക്യം 14 പറയുന്നു, "എന്നാൽ പരീശന്മാർ പുറത്തുപോയി, അവനെ എങ്ങനെ നശിപ്പിക്കണം എന്ന് അവനെതിരെ ആലോചന നടത്തി." മതഭക്തരായ പരീശന്മാരുടെ ദൃഷ്ടിയിൽ കർത്താവ് ശബ്ബത്ത് ലംഘിക്കുന്നത് യിസ്രായേൽ രാഷ്ട്രവുമായുള്ള ദൈവത്തിന്റെ ഉടമ്പടി നശിപ്പിക്കുന്നതായിരുന്നു, അതായത്, ദൈവവും യിസ്രായേലും തമ്മിലുള്ള ബന്ധം നശിപ്പിക്കുന്നതായിരുന്നു. തന്മൂലം, അവനെ എങ്ങനെ നശിപ്പിക്കാമെന്ന് അവർ അവനെതിരായി ആലോചന നടത്തി. ശബ്ബത്തിന്റെ ലംഘനം സ്വർഗീയ രാജാവിനെ തിരസ്കരിക്കുവാൻ യെഹൂദ മതഭക്തരെ ഇടയാക്കി. തിരുവെഴുത്തിൻപ്രകാരമുള്ള പരീശന്മാർ ദൈവത്തിനുവേണ്ടി യേശുവിനെ കൊല്ലുവാൻ പദ്ധതിയിട്ടു! ഇത് വിശ്വസിക്കുവാൻ പ്രയാസമാണ്. എന്നാൽ അവരുടെ മതത്താൽ

അവർ അന്ധരാക്കപ്പെട്ടിരുന്നു. അവർക്ക് ക്രിസ്തുവിനെയോ സഭയെയോ, തലയെയോ അവയവങ്ങളെയോ കാണുവാൻ കഴിഞ്ഞില്ല. അവർ തങ്ങളുടെ മതത്താൽ പൂർണ്ണമായി അന്ധരാക്കപ്പെട്ടവരും, മറയ്ക്കപ്പെട്ടവരും, മൂടപ്പെട്ടവരുമായിരുന്നു. അവരുടെ അറിവനുസരിച്ച് കർത്താവായ യേശുവിനെ നശിപ്പിക്കണമായിരുന്നു; ഈ ഒരേയൊരു ഉദ്ദേശ്യത്തിനുവേണ്ടി അവർ കൂടിയാലോചന നടത്തി. ഒടുവിൽ, അവർ ക്രിസ്തുവിനെ ക്രൂശിൽ തറച്ചു; എങ്കിലും, ദൈവത്തിന്റെ സർവാധികാരമനുസരിച്ചായിരുന്നു അവർ അതു ചെയ്തത്.

12:14-ന്റെ ഈ ഘട്ടത്തിൽ, മതത്താൽ ക്രിസ്തു തിരസ്കരിക്കപ്പെടുന്നത് അതിന്റെ ഉച്ചസ്ഥിതിയിൽ എത്തുന്നു. മതം പൂർണമായി സ്വർഗീയ രാജാവിനെ തിരസ്കരിക്കുകയും അവനെ നശിപ്പിക്കുവാൻ പദ്ധതിയിടുകയും ചെയ്തു.

## II. തിരസ്കരണം ജാതികളിലേക്ക് തിരിയുവാൻ ഇടയാക്കുന്നു

### A. തിരസ്കരിച്ചവരിൽനിന്നും രാജാവ് പുറപ്പെട്ടുപോകുന്നു

ഈ തിരസ്കരണം സ്വർഗീയ രാജാവിനെ അവന്റെ രാജകീയ രക്ഷയോടുകൂടെ യെഹൂദന്മാരിൽനിന്നും ജാതികളിലേക്ക് തിരിയുമാറാക്കി (12:15-21). വാക്യം 15 പറയുന്നു, "എന്നാൽ യേശു അതറിഞ്ഞിട്ട് അവിടെനിന്നു പിൻവാങ്ങി."

### B. സകല രോഗികളെയും രാജാവ് സൗഖ്യമാക്കുന്നു

അനേകർ അവനെ അനുഗമിച്ചുവെന്നും അവൻ അവരെയെല്ലാം സൗഖ്യമാക്കിയെന്നും വാക്യം 15 പറയുന്നു. വാക്യം 16 അനുസരിച്ച്, "അവൻ അവരോട്, തന്നെ പ്രസിദ്ധമാക്കരുതെന്ന് ആജ്ഞാപിച്ചു." പരീശന്മാർ അവനെ നശിപ്പിക്കുവാൻ പദ്ധതിയിട്ടതുകൊണ്ടായിരുന്നു ഇതിനെക്കുറിച്ച് അവൻ അവർക്കു മുന്നറിയിപ്പ് നൽകിയത്. അതുകൊണ്ട്, ആ സമയം മുതൽ കർത്താവായ യേശു അവനെത്തന്നെ മറയ്ക്കുവാൻ തന്നാലാവോളം ചെയ്തു.

### C. ജാതികളിലേക്കുള്ള രാജാവിന്റെ തിരിവിനെ സംബന്ധിച്ചുള്ള യെശയ്യാവിന്റെ പ്രവചനം

17-ഉം 18-ഉം വാക്യങ്ങൾ പറയുന്നു, "യെശയ്യാ പ്രവാചകനിലൂടെ അരുളിച്ചെയ്തത് നിവൃത്തിയാകേണ്ടതിനു തന്നേ, ഇതാ, ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസൻ, എന്റെ ദേഹി പ്രസാദം കണ്ടെത്തിയിരിക്കുന്ന എന്റെ പ്രിയൻ. അവന്റെമേൽ ഞാൻ എന്റെ ആത്മാവിനെ വയ്ക്കും, അവൻ ജാതികളോട് ന്യായം അറിയിക്കും." യെഹൂദന്മാരുടെ തിരസ്കരണം നിമിത്തം സ്വർഗീയ രാജാവ് തന്റെ

സ്വർഗീയ രാജ്യത്തോടുകൂടെ ജാതികളായ രാഷ്ട്രങ്ങളിലേക്ക് തിരിയുമെന്നും, ജാതികൾ അവനെ സ്വീകരിക്കുകയും അവനിൽ ആശ്രയിക്കുകയും ചെയ്യുമെന്നും ഇത് വ്യക്തമായി സൂചിപ്പിക്കുന്നു (വാ. 21).

### *1. കലഹിക്കുകയോ നിലവിളിക്കുകയോ ഇല്ല*

വാക്യം 19-ഉം യെശയ്യാവിൽനിന്നുള്ള ഒരു ഉദ്ധരണിയാണ്. അതു പറയുന്നു, "അവൻ കലഹിക്കയില്ല, നിലവിളിക്കുകയുമില്ല; അവന്റെ ശബ്ദം തെരുവുകളിൽ ആരും കേൾക്കുകയുമില്ല." പരസ്യമായി ശുശ്രൂഷിക്കുവാൻ അവൻ ഇനിമേൽ സ്വതന്ത്രനായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു; പകരം, അവൻ അവനെത്തന്നെ മറയ്ക്കണമായിരുന്നു. തിരസ്കരണത്തിന്റെയും മറഞ്ഞിരിക്കുവാനുള്ള കർത്താവിന്റെ ആവശ്യത്തിന്റെയും കാരണം മതപരമായ ചട്ടങ്ങളുടെ ലംഘനമായിരുന്നു. ഇത് അവന്റെ തലയായ്ക്കുവേണ്ടിയും അവന്റെ ശരീരത്തിലെ അവയവങ്ങൾക്കുവേണ്ടിയുമുള്ള കരുതൽ നിമിത്തമായിരുന്നു. ഇതു നിമിത്തം, തിരസ്കരണം പാരമ്യത്തിലെത്തി. തത്ത്വത്തിൽ ഇന്നും അങ്ങനെ തന്നെയാണ്. മതപരമായ ചട്ടങ്ങളെ നാം എത്ര കുറച്ചു കരുതുന്നുവോ, അത്രയും കൂടുതൽ നാം ക്രിസ്തുവിനും അവന്റെ ശരീരത്തിനുംവേണ്ടി കരുതുകയും, അത്രയും കൂടുതൽ എതിർപ്പ് തീവ്രമാകുകയും ചെയ്യും.

### *2. ചതഞ്ഞ ഓടയെ ഒടിക്കുകയോ പുകയുന്ന ചണത്തെ കെടുത്തിക്കളയുകയോ ചെയ്യുന്നില്ല*

യെശയ്യാവിൽനിന്നുള്ള മറ്റൊരു ഉദ്ധരണിയായ വാക്യം 20 പറയുന്നു, "അവൻ ന്യായത്തെ ജയത്തോളം കൊണ്ടുവരുംവരെ, ചതഞ്ഞ ഓടയെ ഒടിച്ചുകളയുകയില്ല, പുകയുന്ന ചണത്തെ കെടുത്തിക്കളയുകയുമില്ല." ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനെന്ന നിലയിൽ ക്രിസ്തു തെരുവുകളിൽ ശബ്ദം ഉണ്ടാക്കുകയില്ലെന്നു മാത്രമല്ല, അവൻ ചതഞ്ഞ ഓടയെ ഒടിച്ചുകളയുകയോ പുകയുന്ന ചണത്തെ കെടുത്തിക്കളയുകയോ ചെയ്യില്ല. അവൻ തിരസ്കരിക്കപ്പെടുകയും എതിർക്കപ്പെടുകയും ചെയ്യുമ്പോൾത്തന്നെ അവൻ അപ്പോഴും കരുണ നിറഞ്ഞവനായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. അവനെ എതിർക്കുകയായിരുന്ന യെഹൂദന്മാർ ചതഞ്ഞ ഓടകളെപ്പോലെയും പുകയുന്ന ചണംപോലെയും ആയിരുന്നു. യെഹൂദന്മാർ ഓടത്തണ്ടുകൊണ്ട് ഓടക്കുഴൽ ഉണ്ടാക്കുമായിരുന്നു. ഒരു ഓടത്തണ്ട് ചതഞ്ഞുപോകുമ്പോൾ അവർ അതിനെ ഒടിച്ചുകളയുന്നു. എണ്ണയാൽ കത്തുന്ന ചണംകൊണ്ടുള്ള പന്തങ്ങളും അവർ ഉണ്ടാക്കിയിരുന്നു. എണ്ണ തീർന്നുപോകുമ്പോൾ ചണം പുകയുകയും, അവർ അതിനെ കെടുത്തിക്കളയുകയും ചെയ്യും. കർത്താവിന്റെ ജനത്തിൽ

ചിലർ യാതൊരു സംഗീതസ്വരവും നൽകുവാൻ കഴിയാത്ത ചതഞ്ഞ ഓട പോലെയാണ്; മറ്റുള്ളവർ ശോഭയുള്ള വെളിച്ചം നൽകുവാൻ കഴിയാത്ത പുകയുന്ന ചണംപോലെയാണ്. എങ്കിലും കർത്താവ് ചതഞ്ഞവരെ ഒടിച്ചുകളയുകയോ പുകയുന്നവരെ കെടുത്തിക്കളയുകയോ ചെയ്യുകയില്ല. കർത്താവ് തിരസ്കരിക്കപ്പെട്ടിരുന്നുവെങ്കിലും, അവൻ അപ്പോഴും കരുണയുള്ളവനായിരുന്നു. ചതഞ്ഞ ഓടകളായിത്തീർന്നവരെ അവൻ ഒടിച്ചുകളയുകയോ, പുകയുന്ന ചണമായിത്തീർന്നവരെ അവൻ കെടുത്തിക്കളയുകയോ ചെയ്യുകയില്ല. മറിച്ച്, അവൻ അവർക്കെല്ലാം കരുണയുടെയും കൃപയുടെയും വാതിൽ തുറന്നു വച്ചിരിക്കും. അവന്റെ അനുയായികളുടെയും വിശ്വാസികളുടെയും ഇടയിൽ ഇന്ന് അനേകർ ഇനിമേൽ സംഗീതസ്വരം നൽകുവാൻ കഴിയാത്ത ചതഞ്ഞ ഓടകളായിത്തീർന്നിരിക്കുന്നു. ഒരു നിയമമെന്ന നിലയിൽ, ഈ ചതഞ്ഞ ഓടകളെ ഒടിച്ച് എറിഞ്ഞുകളയണം. എന്നാൽ ക്രിസ്തു ഇതു ചെയ്യുകയില്ല. കൂടാതെ, അവന്റെ വിശ്വാസികളിൽ അനേകർ ശോഭയുള്ള ഒരു വെളിച്ചംപോലെ കത്തുന്നില്ല. ഒരു നിയമമെന്ന നിലയിൽ, അവൻ അവരെയെല്ലാം കെടുത്തിക്കളയുകയും ദൂരേക്ക് എറിഞ്ഞുകളയുകയും ചെയ്യണം. എന്നാൽ അവൻ ഇതും ചെയ്യുകയില്ല. പകരം, അവൻ കരുണയുള്ളവനാണ്. എത്രതന്നെ എതിർപ്പും, ഉപദ്രവവും, ആക്രമണവും ഉണ്ടായാലും, ഈ സ്വർഗീയ രാജാവ് എല്ലായ്പ്പോഴും കരുണയുള്ളവനാണ്. അവൻ കരുണയുള്ള, രാജകീയ രക്ഷകനാണ്. ഇന്നു നിങ്ങൾ അവനെ തിരസ്കരിക്കുമായിരിക്കും, എന്നാൽ അവൻ അപ്പോഴും നിങ്ങളോട് കരുണയുള്ളവനായിരിക്കും. നാളെ നിങ്ങൾ പറയും, "കർത്താവായ യേശുവേ, ഞാൻ മാനസാന്തരപ്പെടുന്നു." അവൻ നിങ്ങളോട് സ്നേഹപൂർവം ഇടപെടും. അവൻ എത്രമാത്രം കരുണയുള്ള രക്ഷകനാകുന്നു! അവൻ ഒരിക്കലും ചതഞ്ഞ ഓടയെ ഒടിച്ചുകളയുകയോ പുകയുന്ന ചണത്തെ കെടുത്തിക്കളയുകയോ ഇല്ല. മറിച്ച്, അവന്റെ കരുണയും കൃപയും നിങ്ങൾ സ്വീകരിക്കുന്നതിനുവേണ്ടി അവൻ കാത്തിരിക്കും.

## D. രാഷ്ട്രങ്ങൾ (ജാതികൾ) അവന്റെ നാമത്തിൽ പ്രത്യാശിക്കുന്നു

വാക്യം 21 പറയുന്നു, "അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശവയ്ക്കും." മതഭക്തരായ യെഹൂദന്മാരാലുള്ള തിരസ്കരണം നിമിത്തം സ്വർഗീയ രാജാവ് തന്റെ രക്ഷയോടുകൂടെ ജാതികളിലേക്കു തിരിഞ്ഞു. ഇപ്പോൾ ജാതികൾ അവനിൽ വിശ്വസിക്കുകയും അവരുടെ രാജകീയ രക്ഷകനായി അവനെ സ്വീകരിക്കുകയും ചെയ്തുകൊണ്ട് തങ്ങളുടെ പ്രത്യാശ അവന്റെ നാമത്തിൽ വയ്ക്കുന്നു.

ഈ വേദഭാഗം വെളിപ്പെടുത്തുന്നത്, ഒരു വശത്ത്, കർത്താവ് ധൈര്യശാലിയും, മറുവശത്ത്, അവൻ കരുണയുള്ളവനും ആകുന്നു എന്നാണ്. ഒരുവശത്ത്, അവൻ ബലവാനാണ്; മറുവശത്ത്, അവൻ കരുണയുള്ളവനും സൗമ്യനുമാണ്. ഇതാണ് സ്വർഗരാജ്യം സ്ഥാപിച്ച രാജാവും, ഇതാണ് അവൻ തന്റെ രാജ്യം സ്ഥാപിക്കാനുള്ള മാർഗവും. പന്ത്രണ്ടാം അധ്യായത്തിൽ കർത്താവ് തോല്പിക്കപ്പെട്ടു എന്നു ചിന്തിക്കരുത്. അത് തെറ്റായ ഒരു ധാരണയാണ്. അവൻ തോറ്റില്ല; അവൻ തന്റെ രാജ്യം സ്ഥാപിക്കുകയായിരുന്നു. ഇന്ന് നമ്മോടുകൂടെയും അങ്ങനെ തന്നെയാണ്. "വളരെയധികം ആക്രമണവും എതിർപ്പുമുണ്ട്. നമുക്കെതിരായി നിരവധി കിംവദന്തികൾ പ്രചരിപ്പിക്കപ്പെടുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിന് ഇത് എത്ര പ്രയാസകരമാണ്. പ്രത്യുദ്ധാരം തോല്പിക്കപ്പെടും" എന്നു പറയരുത്. ഇതു തെറ്റാണ്. നാം എണ്ണത്തിൽ വളരെ ചെറുതാണെങ്കിലും, മുഴുവൻ ക്രിസ്തുമതവും നമുക്കെതിരായി എഴുന്നേൽക്കുന്നുവെന്ന് തോന്നുന്നു. എന്നാൽ വാസ്തവത്തിൽ നാം തെറ്റല്ല. നമ്മെക്കാൾ കൂടുതൽ വേദപുസ്തകത്തെ സ്നേഹിക്കുകയും അറിയുകയും ചെയ്യുന്ന ആരുണ്ട്? നാം ദൈവസന്നിധിയിൽ ജീവിക്കുകയും കർത്താവായ യേശുവിനെ സ്നേഹിക്കുകയും ചെയ്യുന്നില്ലേ? നാം ദിനംതോറും അവനെ നമ്മുടെ ജീവനായി എടുക്കുന്നില്ലേ? പിന്നെ എന്തുകൊണ്ടാണ് നിരവധി പ്രിയപ്പെട്ട ക്രിസ്ത്യാനികൾ മറ്റുള്ളവരെ എതിർക്കാതെ നമ്മെ എതിർക്കുന്നത്? അത് കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ അവനോടു ചെയ്തതുപോലെ തന്നെയാണ് ഇന്ന് നമ്മോടും ചെയ്യുന്നത്. അവൻ ഒരു ചെറിയ മനുഷ്യനായിരുന്നെങ്കിലും, ഇവനാണ് തന്നെ പരാജയപ്പെടുത്തി സ്വർഗരാജ്യം സ്ഥാപിക്കുന്നതെന്ന് ദൈവത്തിന്റെ ശത്രുവിന് അറിയാമായിരുന്നു. തത്ത്വം ഇന്നും അങ്ങനെ തന്നെയാണ്. ഇത് കർത്താവിന്റെ പ്രത്യുദ്ധാരമാണെന്നും പ്രത്യുദ്ധാരം അവനെ പരാജയപ്പെടുത്തി സ്വർഗരാജ്യം സ്ഥാപിക്കുമെന്നും ശത്രു അറിയുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തെ ഒരു സാധാരണ ക്രിസ്തീയ വേലയായി ഒരിക്കലും കണക്കാക്കരുത്. എത്രയധികം എതിർപ്പും, ഉപദ്രവവും, വിമർശനവും, ആക്രമണങ്ങളും ഉണ്ടായിരിക്കുന്നുവോ, അത്രയധികം നാം ഉറപ്പിക്കപ്പെടുന്നു. എതിർപ്പ് കുറയുമെന്ന് പ്രതീക്ഷിക്കരുത്. ആരും നമ്മെ എതിർത്തില്ലെങ്കിൽ, അത് നാം തെറ്റാണെന്നതിന്റെ, നമുക്ക് സാക്ഷ്യം നഷ്ടപ്പെട്ടു എന്നതിന്റെ, ഒരു അടയാളമായിരിക്കും. എന്നാൽ നാം എതിർക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്നിടത്തോളം, അത് നാം ശരിയാണെന്നതിന്റെ ഒരു സൂചനയാണ്. ആക്രമിക്കപ്പെടുന്നതിലൂടെ നഷ്ടപ്പെടുന്നതിനു പകരം, നാം നേടിക്കൊണ്ടിരിക്കുന്നു. ഇതാണ് സ്വർഗരാജ്യം

പണിയപ്പെടുന്ന മാർഗം. ആക്രമിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും, വിമർശിക്കപ്പെടുകയും ചെയ്യുന്നതിലൂടെ അത് പണിയപ്പെടുന്നു. മത്തായി പന്ത്രണ്ടാം അധ്യായത്തിൽ കർത്താവായ യേശു യുദ്ധം തോൽക്കുകയായിരുന്നില്ല—അവൻ നേടുകയായിരുന്നു. ഇന്നും അങ്ങനെ തന്നെയാണ്. മാനുഷികമായ മാർഗത്തിലല്ല, കർത്താവായ യേശുവിന്റെ മാർഗത്തിൽ നാം യുദ്ധം ചെയ്യുന്നതിനാൽ കർത്താവിന് സ്തോത്രം. അവൻ ആക്രമിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ അവൻ വിജയം നേടുകയായിരുന്നു. അതുപോലെ, പ്രത്യുദ്ധാരം എത്രയധികം ആക്രമിക്കപ്പെടുന്നുവോ, സ്വർഗരാജ്യം അത്രയധികം സ്ഥാപിക്കപ്പെടും. അത് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നമ്മുടെ ഇടയിൽ സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിന് യാതൊരു സംശയവുമില്ല. കർത്താവിനെ സ്തുതിക്കുക!